**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്-മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം-തിരുവനന്തപുരം-സാങ്കേതികവിഭാഗം-എറണാകുളം ജില്ല-വരാപ്പുഴ ഗ്രാമപഞ്ചായത്ത്-വരാപ്പുഴ വില്ലേജ് - സ്കൂൾ കെട്ടിട നിർമ്മാണം-കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. വരാപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05/02/2020, 29/10/2021 തീയതികളിലെ എ 3/12159/19 നമ്പർ കത്ത്.
2. എറണാകുളം സീനിയർ ടൗൺ പ്ലാനറുടെ 05/03/2020 ലെ TCPEKM/173/2020-C നമ്പർ കത്തുകൾ.
3. എറണാകുളം സീനിയർ ടൗൺ പ്ലാനറുടെ 26/02/2021, 18/11/2021, 10/01/2022 തീയതികളിലെ TCPEKM/198/2021-C നമ്പർ കത്തുകൾ.
4. 25/01/2021-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ.203/2021 തസ്വഭവ നമ്പർ ഉത്തരവ്.

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ്. നം. TCPCTP/703/2020-C3 തീയതി:03/03/2022

---

എറണാകുളം ജില്ലയിൽ, വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ വരാപ്പുഴ വില്ലേജിൽ സർവ്വേ നമ്പർ 278/1, 278/3, 278/6 ൽ ഉൾപ്പെട്ട 44.32 ആർ സ്ഥലത്ത് നിലവിലുള്ളതും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ സ്കൂൾ കെട്ടിടം പൊളിച്ചുമാറ്റി ഒറ്റ നിലയിൽ സ്കൂൾ കെട്ടിടവും (316.83 m2) ടോയിലെറ്റും (23 .76 m2) ഉൾപ്പെടെ 340.59 m2 കെട്ടിടം നിർമ്മിക്കുന്നതിനും, നിർമ്മാണം പൂർത്തിയാക്കിയ 21.84 m2 വിസ്തീർണം ഉള്ള അടുക്കളയുടെ നിർമ്മാണം ക്രമവൽക്കരിക്കുന്നതിനും KPBR 2019 ചട്ടം 3 (4)(b) പ്രകാരം സർക്കാരിൽ നിന്നുള്ള ഇളവിനും സ്കീം പ്രകാരമുള്ള കൺകറൻസ് അംഗീകാരം ലഭ്യമാക്കുവാനുമായി പരാമർശം (2) പ്രകാരം ലഭ്യമാക്കിയ മാനേജർ, സെന്റ്. മേരീസ്.എൽ.പി. എയ്ഡഡ് സ്കൂൾ ന്റെ അപേക്ഷയിൽ ചട്ടം 28(1) ൻറെ ലംഘനത്തിന് ഇളവ് അനുവദിച്ചുകൊണ്ട് സൂചന (4) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

സ്കൂൾ കെട്ടിടം (316.83 ച.മീറ്റർ വിസ്തീർണ്ണമുള്ള സ്കൂൾ കെട്ടിടവും 23 .76 ച.മീറ്റർ വിസ്തീർണ്ണമുള്ള ടോയിലെറ്റും ഉൾപ്പെടെ 340.59 ച.മീറ്റർ) നിർമ്മിക്കുന്നതിനും നിർമ്മാണം പൂർത്തിയാക്കിയ 21.84 m2 വിസ്തീർണം ഉള്ള അടുക്കളയുടെ നിർമ്മാണം ക്രമവൽക്കരിക്കുന്നതിനും സ്കീം പ്രകാരമുള്ള കൺകറൻസ് അംഗീകാരത്തിനായി പരാമർശം (3) പ്രകാരം ലഭ്യമായ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി അംഗീകൃത സെൻട്രൽ സിറ്റി കൊച്ചി Structure പ്ലാൻ പ്രകാരമുള്ള കൺകറൻസ് അംഗീകാരം

2266
GOVERNMENT OF KERALA 2017-18

നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെ പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ NOC/അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമെ സെക്രട്ടറി കെട്ടിട നിർമ്മാണ അനുമതി / ഒക്കുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ 2019 ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അതിരുകൾ, വിസ്തൃതി, അളവുകൾ, അപേക്ഷകന്റെ നിർമ്മാണ അവകാശം എന്നിവയും നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലാ യെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം 25/01/2021 ലെ സ.ഉ(സാധാ) നമ്പർ 203/2021/തസ്വഭവ ഉത്തരവ് പ്രകാരം ലഭിച്ച ഇളവ് ഒഴികെ മറ്റ് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരിക്കണം.
6. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.

കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by RAJEEVAN PITTAN
Date: 2022.0[illegible]3 16:12:45 IST
Reason: Approved

രാജീവൻ പിട്ടൻ
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി, വരാപ്പുഴ ഗ്രാമപഞ്ചായത്ത്, എറണാകുളം.

പകർപ്പ്:-

1. മാനേജർ, സെന്റ് മേരീസ്, എൽ.പി.എയ്ഡഡ് സ്കൂൾ, മുട്ടിനകം, വരാപ്പുഴ, എറണാകുളം.

2. സീനിയർ ടൗൺപ്ലാനർ,
   എറണാകുളം.
3. വെബ്സൈറ്റ് 4. കരുതൽ ഫയൽ 5. അധികം

GOVERNMENT OF KERALA 2017-18